# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 08.11.2024**

## പ്രധാനവാർത്തകൾ

1. അഴിമതി ഒരു രോഗമാണെന്നും അത് വേരോടെ പിഴുതുമാറ്റണമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു; കേന്ദ്ര വിജിലൻസ് അവബോധ വാരാചരണം രാഷ്ട്രപതി അഭിസംബോധന ചെയ്തു.

2. സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ പ്രചാരണം ശക്തം; മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണവും സജീവം.

3. ഡ്രോൺ സാങ്കേതികവിദ്യയുടെ പ്രയോഗത്തെയും പ്രദർശനത്തെയും കുറിച്ചുള്ള ശിൽപശാല കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ കൊച്ചിയിൽ ഉദ്ഘാടനം ചെയ്തു.

4. എഡിഎം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ റിമാന്റിലായിരുന്ന കണ്ണൂർ ജില്ലാ മുൻ പഞ്ചായത്ത് പ്രസിഡന്റ് പിപി ദിവ്യയ്ക്ക് ജാമ്യം.

RNUTVPM

5. സംസ്ഥാന സ്കൂൾ കായിക മേളയിൽ തിരുവനന്തപുരം ജില്ല മേധാവിത്വം തുടരുന്നു.

6. ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ഡർബനിൽ.

****************************************************

ഹെഡ്‌ലൈൻ-1

**പ്രസിഡന്റ്-വിജിലൻസ് വീക്ക്**

അഴിമതി ഒരു രോഗമാണെന്നും അത് വേരോടെ പിഴിതുമാറ്റണമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ കേന്ദ്ര വിജിലൻസ് കമ്മീഷൻറെ വിജിലൻസ് അവബോധ വാരാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. അഴിമതി ഒഴിവാക്കാൻ കേന്ദ്ര സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു. ആനുകൂല്യങ്ങളുടെ നേരിട്ടുള്ള വിതരണം, ഇ-മാർക്കറ്റ് പ്ലേസ് എന്നിവ ഉദാഹരണങ്ങളായി രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

RNU TVPM

************************************

ഹെഡ്‌ലൈൻ-2

**കേരള ഉപതിരഞ്ഞെടുപ്പ്-പാലക്കാട്**

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുന്നു. പാലക്കാട് എൽ.ഡി.എഫ്. സ്ഥാനാർഥി ഡോ. പി. സരിൻ ഇന്ന് യാക്കര, നൂറണി, തിരുന്നെല്ലായ് ഗ്രാമങ്ങളിലും കണ്ണാടി പഞ്ചായത്തിലും പ്രചരണ പര്യടനം നടത്തുകയാണ്. എൻ. ഡി. എ സ്ഥാനാർഥി സി. കൃഷ്ണകുമാറിന്റെ മണ്ഡലത്തിലെ വിവിധ കുടുംബയോഗങ്ങളിൽ ബി. ഡി. ജെ. എസ് സംസ്ഥാന പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി പങ്കെടുക്കും. യു. ഡി. എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് കണ്ണാടി

പഞ്ചായത്തിലെ പുളിയപ്പൻ തൊടികയിൽ നിന്ന് ആരംഭിച്ച പ്രചാരണം വൈകീട്ട് കിണാശ്ശേരിയിൽ സമാപിക്കും.
************************************

ഹെഡ്ലൈൻ-2എ

**ചേലക്കര (ഇൻട്രോ)**

ചേലക്കര മണ്ഡലത്തിൽ തെരഞ്ഞെടുപ്പിന് ഇനി ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ സ്ഥാനർഥികൾ മൂന്നാം ഘട്ട പര്യാടനത്തിലേക്കു കടന്നുകഴിഞ്ഞു.

**വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്...**

**(വോയിസ്)**

************************************

ഹെഡ്ലൈൻ-2ബി

വയനാട് (ഇൻട്രോ)

പ്രധാന മുന്നണി സ്ഥാനാർത്ഥികൾ രണ്ടും മൂന്നും വട്ട പര്യടനവും പ്രചാരണവും പിന്നിടുമ്പോൾ വയനാട് പാർലമെന്റിലെ തെരഞ്ഞെടുപ്പ് പോരാട്ടത്തിന് വീറും വാശിയും ദിനം തോറും ഏറുകയാണ് മൂന്നു മുന്നണികളുടെയും ദേശീയ സംസ്ഥാന നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. കോൺഗ്രസ് എം.എൽ.എയുമായ വിനേഷ് ഫോഗട്ട് വയനാട്ടിലെത്തി. തെരെഞ്ഞെടുപ്പ് പ്രചാരണാർധം കോളേജ് കുട്ടികളുമായി അവർ സംവദിച്ചു. ഒരു ദിവസത്തെ ഇടവേളയ്ക്കു ശേഷം അടുത്ത ഘട്ട പ്രചാരണത്തിനായി പ്രിയങ്ക ഗാന്ധി മണ്ഡലത്തിൽ എത്തിച്ചേരും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു...**

**(വോയിസ്)**

************************************

RNU TVPM

ഹെഡ്‌ലൈൻ-2സി

**മഹാരാഷ്ട്ര പ്രചാരണം**

മഹാരാഷ്ട്രയിൽ തെരഞ്ഞെടുപ്പ് പ്രചാരണം ശക്തം. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് ധുലെ, നാസിക് എന്നിവിടങ്ങളിൽ പൊതുസമ്മേളനങ്ങളിൽ പങ്കെടുക്കും. മുഖ്യമന്ത്രിയും ശിവസേന നേതാവുമായ ഏക്‌നാഥ് ഷിൻഡെ ഉപമുഖ്യമന്ത്രിയും NCP നേതാവുമായ അജിത് പവർ എന്നിവർ വിവിധ മണ്ഡലങ്ങളിൽ പ്രചാരണത്തിലാണ്. MNS നേതാവ് രാജ് താക്കറെ, NCP(SP) നേതാവ് ശരത് പവാർ എന്നിവരും സജീവമായി പ്രചാരണ രംഗത്തുണ്ട്.

************************************

ഹെഡ്‌ലൈൻ-2ഡി

**ഝാർഖണ്ഡ് പ്രചരണം**

ഝാർഖണ്ഡിൽ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരാണത്തിന്റെ ഭാഗമായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഐഎൻഡിഐ മുന്നണിക്കായി ഇന്ന് റാലികളിൽ പങ്കെടുക്കും. NDA-ക്കായി കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ് പൊതുയോഗങ്ങളിൽ സംബന്ധിക്കും. ബിജെപി നേതാവ് ശിവരാജ് സിംഗ് ചൗഹാനും പ്രചാരണം നടത്തുന്നു. ജെഎംഎമ്മിനായി മുഖ്യമന്ത്രി ഹേമന്ത് സോറൻ സംസ്ഥാന വ്യാപകമായി വിവിധയിടങ്ങളിൽ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നു. ഈ മാസം രണ്ട് ഘട്ടങ്ങളായാണ് സംസ്ഥാനത്ത് തെരഞ്ഞെടുപ്പ്.

************************************

ഹെഡ്‌ലൈൻ-3

**ജോർജ്ജ് കുര്യൻ**

ഫിഷറീസ്, അക്വാകൾച്ചർ രംഗത്തെ ഡ്രോൺ സാങ്കേതിക വിദ്യയുടെ പ്രയോഗം സംബന്ധിച്ച് കൊച്ചി CMFRI സംഘടിപ്പിക്കുന്ന ശില്പശാല കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് ഉദ്ഘാടനം ചെയ്യും. പ്രമുഖ ശാസ്ത്രജ്ഞർ,

PNU TVPM

ഫിഷറീസ് ഉദ്യോഗസ്ഥര്‍, മത്സ്യത്തൊഴിലാളികള്‍ തുടങ്ങിയവര്‍ പരിപാടിയില്‍ പങ്കെടുക്കുന്നുണ്ട്. കേന്ദ്ര ഫിഷറീസ് വകുപ്പും, ഹൈദരാബാദിലെ നാഷണല്‍ ഫിഷറീസ് ഡെവലപ്മെന്റ് ബോര്‍ഡും ചേര്‍ന്നാണ് ശില്‍പശാല സംഘടിപ്പിക്കുന്നത്.

************************************

ഹെഡ്ലൈന്‍-4

**പി പി ദിവ്യ-ജാമ്യം**

കണ്ണൂര്‍ എ ഡി എം ആയിരുന്ന കെ. നവീന്‍ ബാബുവിന്റെ മരണത്തെ തുടര്‍ന്ന് റിമാന്റില്‍ കഴിയുന്ന കണ്ണൂര്‍ ജില്ലാ പഞ്ചായത്ത് മുന്‍ പ്രസിഡന്റ് പി.പി. ദിവ്യയ്ക്ക് തലശ്ശേരി ജില്ലാ സെഷന്‍സ് കോടതി ജാമ്യം അനുവദിച്ചു. 11 ദിവസമായി കണ്ണൂര്‍ വനിതാ ജയിലിലാണ് പി.പി.ദിവ്യ.

************************************

**പത്തനംതിട്ട-ചലച്ചിത്രോത്സവം (ഇന്‍ട്രോ)**

പത്തനംതിട്ട അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തുടക്കമാകും. മൂന്നു ദിവസങ്ങളിലായി നടക്കുന്ന മേളയുടെ ഉദ്ഘാടനം പത്തനംതിട്ട ഐശ്വര്യ തിയേറ്ററില്‍ നടക്കുന്ന ചടങ്ങില്‍ കെ.എസ്.എഫ്.ഡി.സി ചെയര്‍മാന്‍ ഷാജി എന്‍.കരുണ്‍ നിര്‍വഹിക്കും.

**കൂടുതല്‍ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധര്‍**

**(വോയിസ്)**

************************************

ഹെഡ്ലൈന്‍-6

**ക്രിക്കറ്റ്**

ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള നാലു മത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ഡര്‍ബനില്‍. ഇന്ത്യന്‍ സമയം രാത്രി 08.30 നാണ് മത്സരം. രണ്ടാം മത്സരം ഞായാറാഴ്ചയാണ്. മൂന്നാം മത്സരം

RNU TVPM

സെഞ്ചൂറിയനിലും നാലാം മത്സരം അടുത്ത ആഴ്ച ജോഹനാസ് ബർഗിലുമാണ് നടക്കുക.
************************************

ഹെഡ്ലൈൻ-5

## സ്കൂൾ കായികമേള

സംസ്ഥാന സ്കൂൾ കായിക മേളയിൽ 432 മത്സരങ്ങൾ പൂർത്തിയായപ്പോൾ പോയിന്റ് പട്ടികയിൽ മേധാവിത്വം തുടർന്ന് തിരുവനന്തപുരം ജില്ല. 1038 പോയിന്റുകളാണ് തിരുവനന്തപുരം നേടിയത്. കണ്ണൂർ രണ്ടാം സ്ഥാനത്തും തൃശ്ശൂർ മൂന്നാം സ്ഥാനത്തുമാണ്. അത്ലറ്റിക്സിൽ മലപ്പുറവും അക്വാറ്റിക്സിൽ തിരുവന്തപുരവും മുന്നേറുകയാണ്.
************************************

## ഐഎസ്എൽ

ISL ഫുട്ബോളിൽ ഇന്ന് ബംഗളൂരു എഫ് സി - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ് സിയെ നേരിടും. ബംഗളുരുവിൽ വൈകീട്ട് 7.30 നാണ് മത്സരം.
************************************

RNUTVPM

## ബാഡ്മിന്റൺ- കിരൺ ജോർജ്

കൊറിയ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ കിരൺ ജോർജ് പുരുഷ സിംഗിൾസ് സെമിയിൽ കടന്നു. രാവിലെ നടന്ന ക്വാർട്ടർ ഫൈനലിൽ ജപ്പാന്റെ തകുമ ഒബായാഷിയെ നേരിട്ടുള്ള സെറ്റുകൾക്ക് താരം പരാജയപ്പെടുത്തി.
************************************

## ശ്രീപദ്മനാഭസ്വാമി ക്ഷേത്രം

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ അല്പശി ഉത്സവത്തിനോടനുബന്ധിച്ച് ആറാട്ട് നാളെ. തിരുവല്ലം പരശുരാമക്ഷേത്രം, വടുവൊത്ത് മഹാവിഷ്ണുക്ഷേത്രം, അരകത്ത് ദേവിക്ഷേത്രം, പാൽക്കുളങ്ങര ചെറിയ ഉദേശ്വരം ക്ഷേത്രം എന്നിവിടങ്ങളിലെ വിഗ്രഹങ്ങൾക്കൊപ്പം കൂടിയാറാട്ടാണ് നാളെ വൈകിട്ട് നടക്കുക. ഇന്ന് രാത്രി

സുന്ദരവിലാസം കൊട്ടാരത്തിന് മുന്നിലെ വേട്ടക്കളത്തിലാണ് പള്ളി വേട്ട.
************************************

## പള്ളിവേട്ട ഗതാഗത നിയന്ത്രണം

ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിലെ പള്ളിവേട്ടയോടനുബന്ധിച്ച് ഇന്ന് ഉച്ചയ്ക്ക് 2 മണി മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുമെന്ന് സിറ്റി ട്രാഫിക് പോലീസ് അറിയിച്ചു. വാഴപ്പള്ളി, പടിഞ്ഞാറെനട, മിത്രാനന്ദപുരം, പടിഞ്ഞാറെകോട്ട, വടക്കെനട, ശ്രീകണ്ഠേശ്വരം പാർക്ക് എന്നിവിടങ്ങളിൽ രാത്രി 9 മണി വരെ പാർക്കിംഗ് അനുവദിക്കില്ല. രാത്രി 07.30 മുതൽ 9 മണി വരെ പടിഞ്ഞാറെനട, പടിഞ്ഞാറെകോട്ട, ശ്രീകണ്ഠേശ്വരം പാർക്ക്, വടക്കെനട, പത്മവിലാസം റോഡ് എന്നീ ഭാഗങ്ങളിൽ വാഹന ഗതാഗതം വഴി തിരിച്ച് വിടും.
************************************

## ശബരിമല തീർത്ഥാടകർ ആധാർ കാർഡ്

ശബരിമല തീർത്ഥാടകർ ആധാർ കാർഡിന്റെ പകർപ്പ് നിർബന്ധമായും കൈയ്യിൽ കരുതണമെന്നും 70,000 പേർക്ക് വെർച്വൽ ബുക്കിങ് മുഖേനയും 10,000 പേർക്ക് സ്പോട്ടിന് പകരമായി കൊണ്ടുവന്ന തത്സമയ ബുക്കിങ്ങിലൂടെയും ദർശനം അനുവദിക്കുമെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചു. ദിവസം 18 മണിക്കൂർ ദർശന സമയം ഉണ്ടാകും. വെർച്വൽ ക്യൂ ബുക്ക് ചെയ്തിട്ട് എത്താൻ കഴിയാത്തവർ അത് ക്യാൻസൽ ചെയ്ത് മറ്റ് ഭക്തർക്ക് അവസരം ഒരുക്കണമെന്നും നിർദ്ദേശമുണ്ട്.
************************************

## ശബരിമല തന്ത്രി

ശബരിമലയിൽ തീർഥാടകരുടെ ഇരുമുടികെട്ടിൽ പ്ലാസ്റ്റിക് വസ്തുക്കൾ പൂർണമായും ഒഴിവാക്കണമെന്ന് തന്ത്രി കണ്ഠരര് രാജീവരര്. ഇതുസംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന് അദ്ദേഹം കത്തയച്ചു. ധാരാളം പ്ലാസ്റ്റിക്ക്

RNI TVPM

കടന്നുവരുന്നതിനാൽ ശബരിമലയിൽ വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്നും ചന്ദനത്തിരി, കർപ്പൂരം, പനിനീർ തുടങ്ങിയവ മുൻകെട്ടിൽ ഒഴിവാക്കണമെന്നും തന്ത്രിയുടെ കത്തിലുണ്ട്.
***********************************

## ഇന്ന് ജലവിതരണം മുടങ്ങും

തിരുവനന്തപുരം നഗരത്തിലെ ശാസ്ത്മംഗലം ജംഗ്ഷനിൽ വാട്ടർ അതോറിട്ടിയുടെ പൈപ്പ് ലൈനിലുണ്ടായ ചോർച്ച പരിഹരിക്കാൻ അടിയന്തര അറ്റകുറ്റപ്പണി നടത്തുന്നതിനാൽ ഇന്ന് രാത്രി 8 മുതൽ നാളെ രാത്രി 8 വരെ ജലവിതരണം നിറുത്തിവയ്ക്കും. ശാസ്ത്മംഗലം, പൈപ്പിന്മൂട്, ഊളമ്പാറ, വെള്ളയമ്പലം, കവടിയാർ, നന്തൻകോട്, ജവഹർനഗർ എന്നീ സ്ഥലങ്ങളിലെ ജലവിതരണമാണ് തടസപ്പെടുക.

*

****************

******************************************************

RNU TVPM